**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ചിറക്കര ഗ്രാമ പഞ്ചായത്ത് - ഒഴുകുപാറ പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് 6.25 ആർ (15.44 സെന്റ്) സ്ഥലം തനതുഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം. 874/17/ത.സ്വ.ഭ.വ          തിരുവനന്തപുരം ,തീയതി, 25.03.2017.

പരാമർശം -
1) ചിറക്കര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 28/05/2016 -ലെ XII-ാം നമ്പർ തീരുമാനം
2) ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/08/2016 -ലെ സി/1.1/01 നമ്പർ കത്ത്
3) പഞ്ചായത്ത് ഡയറക്ടറുടെ 16/12/2016 -ലെ സി2-29657/2016-ാം നമ്പർ തീരുമാനം.
4) ജില്ലാ കളക്ടറുടെ 10/02/2017 ലെ എൽ,എ 6/64819/07 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചിറക്കര ഗ്രാമപഞ്ചായത്തിൽ ഒഴുകുപാറ പൊതു മാർക്കറ്റ് സ്ഥാപിക്കുന്നതിനായി പരവൂർ വില്ലേജിൽ ബ്ലോക്ക് 32-ൽ സർവ്വെ നം. 426/26, 426/27 – ൽപ്പെട്ട 6.25 ആർ (15.44 സെന്റ്) സ്ഥലം വാങ്ങുന്നതിന് പരാമർശം (1) പ്രകാരം ചിറക്കര ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച്, പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി. ടി സ്ഥലത്തിന് പൊതു റോഡ് സൗകര്യം ലഭ്യമാണെന്നും പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ചിറക്കര ഗ്രാമപഞ്ചായത്തിൽ ഒഴുകുപാറ പൊതു മാർക്കറ്റ് സ്ഥാപിക്കുന്നതിനായി പരവൂർ വില്ലേജിൽ ബ്ലോക്ക് 32-ൽ സർവ്വെ നം. 426/26, 426/27 – ൽപ്പെട്ട 6.25 ആർ (15.44 സെന്റ്) സ്ഥലം ജില്ലാ കളക്ടർ അംഗീകരിച്ച/നിശ്ചയിച്ച നിരക്കിൽ നിലവിലുള്ള നടപടിക്രമം പാലിച്ച് തനതു ഫണ്ട് ചെലവഴിച്ച് വാങ്ങുന്നതിന് ചിറക്കര ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി/പ്രസിഡന്റ്, ചിറക്കര ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ